# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ആഗസ്റ്റ് 10, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

അട്ടപ്പാടി ആദിവാസി ഊരിലെ പോലീസ് അതിക്രമം

മി. സ്പീക്കർ: അട്ടപ്പാടി ഷോളയൂർ പഞ്ചായത്തിലെ വട്ട്ലക്കി ആദിവാസി ഊരിൽ ഭീകരാന്തരീക്ഷം സൃഷ്ടിച്ച് ഊരുമൂപ്പനെയും മകനെയും പോലീസ് അറസ്റ്റുചെയ്ത സംഭവത്തെത്തുടർന്ന് ആദിവാസി

സമൂഹത്തിനുളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. ഷംസുദ്ദീൻ, അൻവർ സാദത്ത്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 03-08-2021-ന് ഷോളയൂർ വട്ട്ലക്കി ആദിവാസി ഊരിൽ കുറന്താചലം എന്നയാളുടെ പറമ്പിൽ സമീപവാസിയായ മുരുകന്റെ ഭാര്യ രാജാമണി പശുവിനെ മേയിക്കുന്നത് ചോദ്യംചെയ്ത കുറന്താചലത്തെ ചൊറിയ മൂപ്പനും മുരുകനും ചേർന്ന് ദേഹോപദ്രവമേൽപ്പിച്ച സംഭവത്തിൽ ചൊറിയമൂപ്പൻ, മുരുകൻ, രാജാമണി എന്നിവർക്കെതിരെയും രാജാമണിയെ കുറന്താചലം കല്ലെറിയുകയും വധഭീഷണി മുഴക്കുകയും ചെയ്തുവെന്ന മൊഴിയുടെ അടിസ്ഥാനത്തിൽ കുറന്താചലത്തിനെതിരെയും ഷോളയാർ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണത്തിന്റെ ഭാഗമായി സ്റ്റേഷനിലേയ്ക്ക് വിളിപ്പിച്ചുവെങ്കിലും ഹാജരാകത്തതിനെത്തുടർന്ന് 08-08-2021-ന് പ്രതികളെ അറസ്റ്റുചെയ്യാനെത്തിയ പോലീസിനെ സമീപവാസികൾ തടസ്സപ്പെടുത്തുകയും ദേഹോപദ്രവമേൽപ്പിക്കുകയും ചെയ്തു; തുടർന്ന്

പ്രതികളെ അറസ്റ്റ് ചെയ്ത് മണ്ണാർക്കാട് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. പോലീസിന്റെ കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്താൻ ശ്രമിച്ചതിന് വട്ട്ലക്കി നിവാസികളായ 8 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഊരുമൂപ്പനായ ചൊറിയമൂപ്പനും കുറന്താചലവും തമ്മിലുള്ള കുടുംബകലഹമാണ് പ്രശ്നത്തിന് കാരണമെന്ന് പട്ടികവർഗ്ഗ വികസന പ്രോജക്ട് ഓഫീസറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പോലീസ് മർദ്ദിച്ചുവെന്നാരോപിച്ച് കോട്ടാത്തല ഗവൺമെന്റ് താലൂക്ക് സ്പെഷ്യാലിറ്റി ആശുപത്രിയിൽ ചികിത്സ തേടിയ മുരുകന്റെ മകന്റെ മൊഴി രേഖപ്പെടുത്തി പ്രാഥമികാന്വേഷണം നടത്തിവരുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: 08-08-2021-ന് അതിരാവിലെ അട്ടപ്പാടി ആദിവാസി ഊരിലെത്തിയ പോലീസ് ഭീകരാന്തരീക്ഷം സൃഷ്ടിച്ച് ഊരുമൂപ്പനെയും മകനെയും കയ്യേറ്റം ചെയ്ത് കീഴ്പ്പെടുത്തി അറസ്റ്റുചെയ്യുകയും സ്ത്രീകളെ ദേഹോപദ്രവമേൽപ്പിക്കുകയും മുരുകന്റെ മകനെ വിവസ്ത്രനാക്കി മർദ്ദിക്കുകയും ചെയ്തു. ആദിവാസികളെ മർദ്ദിച്ചതിനെതിരെ മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തിട്ടുണ്ട്. കോവിഡ് നിയന്ത്രണങ്ങളുടെ പേരിൽ പോലീസ് ജനങ്ങളുടെ സ്വൈര്യജീവിതം തകർക്കുകയാണ്. സാമൂഹികമായും സാമ്പത്തികമായും പ്രയാസങ്ങൾ നേരിടുന്ന ആദിവാസി

ജനവിഭാഗം പോലീസിനെ ഭയന്നുകഴിയുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കോവിഡ് മാനദണ്ഡങ്ങൾ ലംഘിക്കുന്നവർക്ക് പിഴ ചുമത്തുന്നത് മഹാപരാധമാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം അപലപനീയമാണ്. പോലീസ് സേനയുടെ ത്യാഗപൂർണ്ണമായ പ്രവർത്തനത്തെ താൽക്കാലിക രാഷ്ട്രീയ നേട്ടത്തിനുവേണ്ടി ആക്ഷേപിക്കുന്നത് ശരിയല്ല. പോലീസ് സേനയെ ആദിവാസി സൗഹാർദ്ദമാക്കുന്നതിന്റെ ഭാഗമായി ആദിവാസി ഗോത്രവിഭാഗക്കാരെ പോലീസ്, എക്സൈസ് സേനകളിൽ പ്രത്യേക റിക്രൂട്ട്മെന്റുവഴി നിയമിക്കുകയും പരാതികളിന്മേൽ എത്രയുംവേഗം അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ഊരുകൾ കേന്ദ്രീകരിച്ച് ബോധവത്ക്കരണ ക്ലാസുകൾ നടത്തുകയും ചെയ്യുന്നുണ്ട്. കേസന്വേഷണവുമായി ബന്ധപ്പെട്ട് സ്റ്റേഷനിൽ ഹാജരാകാത്തതിനാലാണ് ആദിവാസി മൂപ്പനെയും മകനെയും ഊരിലെത്തി അറസ്റ്റ് ചെയ്തത്. അറസ്റ്റ് ചെയ്യാനെത്തിയ പോലീസിനെ തടഞ്ഞത് അംഗീകരിക്കാനാകില്ല. അറസ്റ്റിനായി അതിരാവിലെ ഊരിലേക്ക്

പോയതിന്റെ കാരണം സംബന്ധിച്ച് അന്വേഷിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

### 1. നെല്ല് സംഭരണത്തിലെ അപാകതകൾ

ശ്രീ. കെ. ഡി. പ്രസേനൻ: വിളയിറക്കുന്ന സമയത്ത് നെല്ല് സംഭരണത്തിനുള്ള നടപടി ആരംഭിക്കാനും കൊയ്ത്ത് തുടങ്ങുന്നതിന് 60 ദിവസം മുമ്പ് രജിസ്ട്രേഷൻ പൂർത്തിയാക്കാനും രജിസ്ട്രേഷൻ പോർട്ടലിലെ അപാകതകൾ പരിഹരിക്കാനും ജൂലൈ മാസത്തിൽ ഒന്നാം വിള സംഭരണം നടത്താനും നടപടി സ്വീകരിക്കണം. നെല്ല് സംഭരണത്തിനായി പാടശേഖരങ്ങളുടെ വിസ്തൃതിക്കനുസരിച്ച് മില്ലുകൾ വിഭജിച്ച് നൽകാനും സംഭരണ പരിധി ഏക്കറിന് 3000 കിലോഗ്രാമായി വർദ്ധിപ്പിക്കാനും

നെല്ലിന്റെ വില 7 ദിവസത്തിനകം ലഭ്യമാക്കാനും കഴിയണം. വായ്പാ കുടിശ്ശികയുള്ള കർഷകരുടെ അക്കൗണ്ടിലുള്ള തുക തടഞ്ഞുവയ്ക്കുന്ന ബാങ്കുകൾക്കെതിരെ നടപടി സ്വീകരിക്കുകയും സംഭരണ മേഖലയിൽ നടക്കുന്ന തട്ടിപ്പുൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുകയും വേണം. ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തി കയറ്റുകൂലി ഏകീകരിക്കാനും നെല്ല് സംഭരണത്തിനുള്ള ചാക്ക് വിതരണം ചെയ്യാനും വിത്തുത്പാദകരായ കർഷകരുടെ നെല്ല് സംഭരിക്കാനും നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): നെല്ല് സംഭരണം നേരത്തെയാക്കാനുള്ള സാധ്യത കേന്ദ്ര സർക്കാരിനോട് ആരായുന്നതാണ്. നെല്ല് സംഭരണത്തിന്റെ പരിധി ഏക്കറിന് 3000 കി.ഗ്രാം ആക്കുന്നത് സംബന്ധിച്ച് കൃഷി വകുപ്പുമായി ചർച്ച ചെയ്ത് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. നെല്ല് സംഭരണം കൂടുതൽ കർഷക സൗഹൃദമാക്കാനും കർഷകർ, മില്ലുടമകൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുമായി ജില്ലാടിസ്ഥാനത്തിൽ യോഗം ചേരാനും തീരുമാനിച്ചിട്ടുണ്ട്. നെല്ല് സംഭരണത്തിനുള്ള ചാക്കുകൾ കർഷകർക്ക് മുൻകൂട്ടി നൽകാൻ

മില്ലുടമകൾക്ക് നിർദ്ദേശം നൽകുന്നതും കയറ്റുകൂലി വർദ്ധിപ്പിക്കുന്നതും അനുഭാവപൂർവ്വം പരിഗണിക്കുന്നതുമാണ്.

2. ആദിവാസി ഗോത്രസമൂഹങ്ങളുടെ അവകാശസംരക്ഷണം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: വനാവകാശനിയമമനുസരിച്ച് പതിച്ചുകൊടുത്ത ഭൂമി അളന്ന് തിട്ടപ്പെടുത്തിക്കൊടുക്കാത്തതും നിയമപരമായ കൈവശരേഖ കൊടുക്കാത്തതുംമൂലം ആദിവാസികൾക്ക് പ്രസ്തുത ഭൂമിയിൽ വീട് വയ്ക്കാൻ കഴിയുന്നില്ല. വനത്തിൽ താമസിക്കുന്ന ആദിവാസി കുട്ടികൾ വനത്തോടനുബന്ധിച്ചുള്ള കളിസ്ഥലങ്ങളിൽ കളിക്കുന്നത് ഫോറസ്റ്റ് ഉദ്യോഗസ്ഥർ തടസ്സപ്പെടുത്തുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. വനാവകാശനിയമം പ്രാബല്യത്തിൽ വന്നതിനാൽ കൈവശരേഖ മാത്രം ലഭിച്ച ആദിവാസികൾക്ക് ഉപാധിരഹിത പട്ടയം നൽകാൻ ഗവൺമെന്റ് തയ്യാറാകണം. പാലക്കാട് കാഞ്ഞിരപ്പുഴ ഡാം നിർമ്മാണത്തിന്റെ ഭാഗമായി ശിരുവാണി ഡാം പരിസരത്തേയ്ക്ക് മാറ്റപ്പെട്ട കുടുംബങ്ങൾക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കണം. കാട്ടാക്കട താലൂക്കിലെ വിളപ്പിൽ വില്ലേജിൽ താമസിക്കുന്ന ചിന്നൻ-പൊന്നു കാണിയുടെ അന്യാധീനപ്പെട്ട ഭൂമി തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സംസ്ഥാനത്ത് പട്ടികവർഗ്ഗ ഗോത്രസമൂഹങ്ങളുടെ നിയമപരമായ അവകാശങ്ങൾ സംരക്ഷിക്കുകയെന്നതാണ് സർക്കാരിന്റെ നിലപാട്. ഗോത്രജനവിഭാഗങ്ങൾക്ക് നിയമപരിരക്ഷയെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുന്നതോടൊപ്പം സാമൂഹികാവകാശങ്ങൾക്കും ആവാസസ്ഥലങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും വനവിഭവങ്ങൾ ശേഖരിച്ച് വിതരണം നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. 2006-ലെ കേന്ദ്ര വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് 5 ഏക്കർ വരെ ഭൂമി കൊടുക്കാനും ടി ഭൂമി കൃഷിയോഗ്യവും വാസയോഗ്യവുമാക്കാനുള്ള സംവിധാനമുണ്ടാക്കുന്നതാണ്. ആദിവാസികളുടെ നിയമപരമായ അവകാശങ്ങൾ പരിരക്ഷിച്ച് അവരെ ജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി ഒട്ടേറെ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

## III. സബ്മിഷൻ

### 1. പുനർഗേഹം പദ്ധതി

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്കായി പുനർഗേഹം പദ്ധതിക്ക് പകരം ഒരു സമഗ്ര ഭവനനിർമ്മാണ പദ്ധതി ആരംഭിക്കാൻ സർക്കാർ തയ്യാറാകണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): കടലോരത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നവരെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കാനാണ് പുനർഗേഹം പദ്ധതി ആവിഷ്കരിച്ചത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തീരദേശത്തെ എം.എൽ.എ.-മാരുടെ യോഗം വിളിച്ചുചേർത്തുവെങ്കിലും അപാകത സംബന്ധിച്ച പരാതിയൊന്നും ഉന്നയിക്കപ്പെട്ടില്ല. കടലാക്രമണം രൂക്ഷമായ സ്ഥലത്ത് ജൈവകവചം വച്ചുപിടിപ്പിച്ച് ബഫർ സോണായി നിലനിർത്തുന്നതോടൊപ്പം ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്താൻ കഴിയാത്ത പ്രദേശങ്ങളിൽ ജനപ്രതിനിധികളുടെ സഹകരണത്തോടെ സ്വകാര്യ ഭൂമി കണ്ടെത്തി കെട്ടിടസമുച്ചയം നിർമ്മിക്കും. പുനർഗേഹം പദ്ധതി സമ്പൂർണ്ണമായി നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

2. വടകര-മാഹി കനാൽ

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: വടകര-മാഹി കനാൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ദേശീയ ജലപാതയിലെ പ്രധാന ലിങ്ക് കനാലായ വടകര-മാഹി കനാലിന്റെ നിർമ്മാണം 5 റീച്ചുകളിലായി പുരോഗമിച്ചുവരികയാണ്. വീതി കൂട്ടുന്നതിനായി 37.56 ഏക്കർ സ്വകാര്യഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. 2025-നകം വടകര-മാഹി കനാലിനെ ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതാണ്.

3. കരമന-വെള്ളറട റോഡ് നിർമ്മാണം

ശ്രീ. ഐ. ബി. സതീഷ്: കരമന-വെള്ളറട റോഡ് നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): 2016-ലെ സംസ്ഥാന വികസന പദ്ധതിയിലെ അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയാണ് കരമന-വെള്ളറട റോഡ് വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിനായി 21.448 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പൊതുമരാമത്ത് വകുപ്പ് (ഡിസൈൻ വിഭാഗം) ഡി.പി.ആർ.

തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. റോഡ് വികസനം ചർച്ച ചെയ്യാനായി പ്രത്യേക യോഗം വിളിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

### 4. ഹൗസ് ബോട്ട് മേഖലയിലെ പ്രതിസന്ധി

ശ്രീ. പി. പി. ചിത്തരഞ്ജൻ: പ്രതിസന്ധിയിലായ ഹൗസ് ബോട്ട് മേഖലയെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർക്കാർ ഉത്തരവുപ്രകാരം വിനോദ സഞ്ചാരികൾക്ക് താമസ സൗകര്യമൊരുക്കുന്ന സ്ഥാപനങ്ങൾ തുറക്കാനും ആലപ്പുഴയിലുൾപ്പെടെ ഹൗസ് ബോട്ടുകൾക്ക് പ്രവർത്തിക്കാനും അനുമതി നൽകിയിട്ടുണ്ട്. ഓണ സീസൺ ഹൗസ് ബോട്ട് മേഖലയെ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ടൂറിസം മേഖലയിൽ തൊഴിലെടുക്കുന്നവരെ സഹായിക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് പദ്ധതിക്ക് ടൂറിസം വകുപ്പ് രൂപം നൽകുകയും സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുമായി സഹകരിച്ച് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സ്കീം എന്ന വായ്പാ പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം ഈ വർഷവും തുടരാൻ അനുമതി നൽകിയിട്ടുണ്ട്.

5. <u>റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ</u>

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്ത വകയിൽ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ തുക ലഭ്യമാക്കാനും അടിക്കടിയുണ്ടാകുന്ന ഇ-പോസ് മെഷീൻ സർവർ തകരാർ പരിഹരിക്കാനും ഓണക്കിറ്റുകൾ സമയബന്ധിതമായി ലഭ്യമാക്കാനും കോവിഡ്മൂലം മരണപ്പെട്ട റേഷൻ വ്യാപാരികളുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാനും നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (<u>ശ്രീ. ജി. ആർ. അനിൽ</u>): 2020 ഏപ്രിൽ-മേയ്, ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ വിതരണം ചെയ്ത ഭക്ഷ്യ കിറ്റുകൾക്കുള്ള കമ്മീഷൻ നൽകിയതുകൂടാതെ എല്ലാ റേഷൻ വ്യാപാരികൾക്കും 1,000 രൂപ ഓണറേറിയവും നൽകിയിട്ടുണ്ട്. ഭക്ഷ്യകിറ്റ് വിതരണത്തിൽ യാതൊരു തടസ്സവും നേരിട്ടിട്ടില്ല. ഇ-പോസ് മെഷീൻ മുഖേന റേഷൻ വിതരണത്തിലുണ്ടാകുന്ന തടസ്സം പൂർണ്ണമായി ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. <u>ചിറ്റാരി-കണ്ടി വാതുക്കൽ റോഡ് നിർമ്മാണം</u>

<u>ശ്രീ. ഇ. കെ. വിജയൻ</u>: നാദാപുരം മണ്ഡലത്തിലെ ചിറ്റാരി-കണ്ടി വാതുക്കൽ റോഡിന്റെ നിർമ്മാണം പൂർത്തിയാക്കാനും വർക്കുകൾ

സമയബന്ധിതമായി പൂർത്തിയാക്കാത്ത ഏജൻസികളെ ഒഴിവാക്കാനും നടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ വർക്ക് ഏറ്റെടുത്ത കമ്പനിയുമായുള്ള കരാർ റിസ്ക് ആൻഡ് കോസ്റ്റിൽ റദ്ദാക്കുകയും പുതിയ പ്രൊപ്പോസൽ തയ്യാറാക്കി റീ-ടെൻഡർ നടപടികൾ നടന്നുവരികയുമാണ്. നബാർഡിൽനിന്നുള്ള സഹായം ലഭിക്കുന്നതിനായി നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കണമെന്ന് കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഏറ്റെടുത്ത കരാറുകൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത ഏജൻസികളെ ഒഴിവാക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണ്.

## 7. ഫാം തൊഴിലാളികളുടെ ശമ്പളവും ക്ഷാമബത്തയും സ്പാർക്കിലുൾപ്പെടുത്തൽ

ശ്രീ. ഡി. കെ മുരളി: ഫാം തൊഴിലാളികളുടെ ശമ്പള വർദ്ധനവും ക്ഷാമബത്ത കുടിശ്ശികയും സ്പാർക്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ഫാം തൊഴിലാളികളുടെ ശമ്പള വർദ്ധനവ് സംബന്ധിച്ച ശിപാർശകൾ ധനകാര്യ വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് ശമ്പള വർദ്ധനവും ക്ഷാമബത്ത കുടിശ്ശികയും സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

8. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസം

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കാവശ്യമായ സഹായം നൽകാനും അവരെ പുനരധിവസിപ്പിക്കാനും നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): എൻഡോസൾഫാൻ ദുരിതബാധിതരുടെ ക്ഷേമത്തിനായി 300 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ബാധിതർക്ക് സൗജന്യ ചികിത്സ നൽകുകയും കുട്ടികളുടെ മാനസികവും ശാരീരികവുമായ ഉന്നമനത്തിന് ബഡ്സ് സ്കൂളുകൾ ആരംഭിക്കുകയും സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്. ഇവരുടെ ചികിത്സയ്ക്കായി മൊബൈൽ മെഡിക്കൽ യൂണിറ്റും ആംബുലൻസും പ്രവർത്തിച്ചുവരുന്നു. കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി മൂളിയാറിൽ

എൻഡോസൾഫാൻ പുനരധിവാസ വില്ലേജ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## 9. പിറവം താലൂക്കാശുപത്രി

ശ്രീ. അനൂപ് ജേക്കബ്: കൂടുതൽ തസ്തികകളും ഡിപ്പാർട്ടുമെന്റുകളും അനുവദിച്ച് പിറവം താലൂക്കാശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): നിലവിൽ ഐ.പി. വിഭാഗത്തിൽ കോവിഡ് രോഗികൾ മാത്രമുള്ള പിറവം താലൂക്കാശുപത്രിയിൽ കഴിഞ്ഞ സർക്കാർ 5 പുതിയ തസ്തികകൾ സൃഷ്ടിച്ച് സ്പെഷ്യാലിറ്റി വിഭാഗങ്ങളും ആധുനികരീതിയിലുള്ള ലാബും പ്രവർത്തിച്ചുവരുന്നു. നേത്രരോഗ സർജറിക്കായുള്ള ഓപ്പറേഷൻ തീയേറ്റർ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികളും താലൂക്കിൽ ഒരു ആശുപത്രിയെ നിശ്ചിത മാനദണ്ഡങ്ങളോടെ വികസിപ്പിക്കുന്നതിന്റെ ഭാഗമായി അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും ആരംഭിച്ചിട്ടുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തികനില മെച്ചപ്പെടുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

10. മഞ്ചേരി ജനറൽ ആശുപത്രി

ശ്രീ. യു. എ. ലത്തീഫ്: മഞ്ചേരി ജനറൽ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അടിയന്തരനടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): മഞ്ചേരി ജനറൽ ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അത്യാഹിത വിഭാഗത്തിലുൾപ്പെടെ നവീകരണ പ്രവൃത്തികൾ നടത്തുകയും ആശുപത്രിയെ രോഗീസൗഹൃദമാക്കുകയും ചെയ്തിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി കാർഡിയോളജി വിഭാഗം ശക്തിപ്പെടുത്തുന്നതിനും വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2.81 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

## IV. റിപ്പോർട്ട് സമർപ്പണം

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്ന് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

## V. ക്രമപ്രശ്നം

<u>ക്രമവിരുദ്ധമായി ഉത്തരവ് പുറപ്പെടുവിച്ചത് സംബന്ധിച്ച്</u>

<u>ശ്രീ. റോജി എം. ജോൺ</u>: 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിയമത്തിലെ വൈഷമ്യങ്ങൾ നീക്കം ചെയ്യുന്ന വ്യവസ്ഥപ്രകാരമെന്ന് ചൂണ്ടിക്കാണിച്ച് 26-07-2021-ന് ഒരു എക്സിക്യൂട്ടീവ് ഉത്തരവിറക്കിയത് പ്രസ്തുത നിയമത്തിലെ 72-ാം വകുപ്പിന് വിരുദ്ധവും ചട്ടം 166 പ്രകാരം അവകാശം നിഷേധിക്കുന്നതും ക്രമവിരുദ്ധവുമാണ്.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിയമത്തിലെ വകുപ്പ് 72(1)-ന്റെ പ്രാബല്യത്തീയതി മുതൽ വിദൂര വിദ്യാഭ്യാസത്തിലൂടെയോ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെയോ ഉള്ള പഠന കോഴ്സുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നത് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല മുഖേനയല്ലാതെ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിദൂര വിദ്യാഭ്യാസം മുഖേനയുള്ള കോഴ്സുകളിൽ പ്രവേശനമാഗ്രഹിക്കുന്ന കുട്ടികളുടെ പഠനാവസരം സംരക്ഷിക്കുന്നതിനും നിലവിൽ ഇത്തരം കോഴ്സുകൾ നടത്തുന്ന സർവ്വകലാശാലകളിൽ പ്രസ്തുത കോഴ്സുകൾ തുടർന്നും നടത്തുന്നതിനും നിയമത്തിന്റെ 63-ാം വകുപ്പ് നൽകുന്ന അധികാരം

വിനിയോഗിച്ച് കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നതിന് അനുമതിനൽകി ഇറക്കിയ ഉത്തരവ് എസ്.ആർ.ഒ. ആയി ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത നടപടി വ്യവസ്ഥ പ്രകാരമായതിനാൽ സഭയുടെ അവകാശം ലംഘിക്കുന്ന സാഹചര്യമുണ്ടായിട്ടില്ല.

**റൂളിംഗ്**

മി. സ്പീക്കർ: 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിലെ 63-ാം വകുപ്പിലെ നിബന്ധനയെ ഒരു സർക്കാർ ഉത്തരവിലൂടെ ഭേദഗതി ചെയ്തത് ജൂലൈ 27-ാം തീയതി ചോദ്യോത്തര വേളയിൽ ഉന്നയിച്ചതിനെത്തുടർന്ന് സർക്കാർ ഇക്കാര്യം പുനഃപരിശോധിക്കുകയും നിയമത്തിലെ വ്യവസ്ഥകൾക്കും സഭാ ചട്ടങ്ങൾക്കും അനുരോധകമാകത്തക്ക വിധത്തിൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്, നിലവിൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്ന സർവ്വകലാശാലകളിൽ തുടർന്നും പ്രസ്തുത കോഴ്സുകൾ നടത്തുന്നതിലേക്കാവശ്യമായ അനുമതി നല്കിക്കൊണ്ടുള്ള എസ്.ആർ.ഒ. ഗസറ്റിൽ വിജ്ഞാപനം ചെയ്തു കഴിഞ്ഞതായി ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഇവിടെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ഇത്തരത്തിലുള്ള

ന്യൂനതകൾ ആവർത്തിക്കാതിരിക്കാൻ വേണ്ട ജാഗ്രത ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്.

## VI. ധനകാര്യം

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി):

താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം
( 9987,05,25,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXIV – തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും
( 533,83,30,000 രൂപ)

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXV – പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം
(1334,18,57,000 രൂപ)

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം
( 347,38,51,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXII -ക്ഷീരവികസനം
( 67,53,40,000 രൂപ)

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XLVI -സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും
( 4536,08,11,000 രൂപ)

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയേയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റുപിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം

നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയേയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. പി. നന്ദകുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിലാളികളുടെ വേതന-ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തി നിയമപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതും സ്ത്രീസൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് മുന്തിയ പരിഗണന നൽകുന്നതുമായ തൊഴിൽ നയമാണ് ഇടതുപക്ഷ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. പ്ലാന്റേഷൻ മേഖലയുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച പാക്കേജ് അടിയന്തരമായി നടപ്പിലാക്കുന്നതിനും അതിഥി തൊഴിലാളികൾക്കുള്ള ആവാസ് രജിസ്ട്രേഷൻ പദ്ധതി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. 'കില'യെ ദേശീയ നിലവാരത്തിലുള്ള പഠന പരിശീലന കേന്ദ്രമാക്കാനും ഒഡെപെകിന്റെ പ്രവർത്തനം മെച്ചപ്പെട്ട നിലവാരത്തിലെത്തിക്കാനും നഷ്ടത്തിലുള്ള തൊഴിലാളി ക്ഷേമനിധി ബോർഡുകളെ ലയിപ്പിക്കുകയും ക്ഷേമനിധി

ബോർഡുകളിലെ ഡെപ്യൂട്ടേഷൻ നിയമനങ്ങൾ അവസാനിപ്പിക്കുകയും വേണം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അംബേദ്കർ സെറ്റിൽമെന്റ് കോളനികളിലെ മുടങ്ങിക്കിടക്കുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും വനാന്തരങ്ങളിലെ ആദിവാസി കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനും രോഗബാധിതർക്കും അപകടത്തിൽപ്പെടുന്നവർക്കും ആശുപത്രി ചെലവിനായി നൽകുന്ന ധനസഹായം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ആദിവാസി മേഖലയിലെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിലുള്ള ഉദ്യോഗസ്ഥരുടെ അലംഭാവം അവസാനിപ്പിക്കുകയും പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ എഞ്ചിനീയറിംഗ് വിംഗ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുകയും ആദിവാസികളുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ടുള്ള അപാകതകൾ പരിഹരിക്കുകയും ചെയ്യണം. സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലെയും ഓരോ ട്രൈബൽ ഹോസ്റ്റലുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത് പരിഗണിക്കണം.

ശ്രീ. വി. ശശി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിദ്യാഭ്യാസാനുകൂല്യങ്ങളിൽ വർദ്ധനവ്, പഠനത്തിൽ പിന്നോക്കം

നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം, പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ ആധുനികവത്കരണമടക്കം വിദ്യാഭ്യാസമേഖലയിൽ പട്ടികവിഭാഗങ്ങൾക്കായി സർക്കാർ നടപ്പാക്കിയ പദ്ധതികൾ ശ്രദ്ധേയമാണ്. സ്വാശ്രയ പ്രൊഫഷണൽ കോളേജ് /സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ചുപഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രാന്റ് അനുവദിച്ചതും നഴ്സിംഗ് പഠനം പൂർത്തിയാക്കിയ പട്ടികവിഭാഗം യുവതീയുവാക്കൾക്ക് പ്രതിമാസം 15000 രൂപ അനുവദിച്ച് സർക്കാർ ആശുപത്രിയിൽ രണ്ടുവർഷത്തേയ്ക്ക് പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കിയതും സ്വാഗതാർഹമാണ്. തൊഴിൽ പരിശീലന കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താനും ജീവനക്കാരുടെ കുറവ് പരിഹരിക്കാനും നടപടി സ്വീകരിക്കണം. മഹാത്മാ അയ്യങ്കാളി സ്ഥാപിച്ച വെങ്ങാനൂർ സ്കൂൾ സർക്കാർ ഏറ്റെടുത്ത് എം.ആർ.എസ്. ആക്കുമെന്നുള്ള ബഡ്ജറ്റ് നിർദ്ദേശം പ്രാവർത്തികമാക്കണം.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പാസ്സായ കുട്ടികൾക്കായി പുതിയ ബാച്ചുകൾ അനുവദിച്ച് തുടർപഠനത്തിനുള്ള സൗകര്യമൊരുക്കണം. വള്ളിക്കുന്നിൽ ന്യൂജെൻ കോഴ്സുകളോടുകൂടിയ ആർട്സ് & സയൻസ്

കോളേജ് ആരംഭിക്കാനും ചേളാരി ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാനും നടപടി സ്വീകരിക്കണം. കോവിഡ്മൂലം തിരിച്ചെത്തിയ പ്രവാസികൾക്കായി ധനസഹായ പാക്കേജും ബിസിനസ് പാക്കേജും ഏർപ്പെടുത്തുകയും സർവ്വകലാശാലകൾക്കായി ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന തുക കൃത്യമായി ലഭ്യമാക്കുകയും ചെയ്യണം.

ശ്രീ. അനൂപ് ജേക്കബ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള പ്രത്യേക ഭവന പദ്ധതി പുനഃസ്ഥാപിക്കാനും പിറവം നിയോജകമണ്ഡലത്തിലെ ചോറ്റാനിക്കര പഞ്ചായത്തിലെ ആറ് പട്ടികവർഗ്ഗ കുടുംബങ്ങളുമായി ബന്ധപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ നടപടി സ്വീകരിക്കാനും തയ്യാറാകണം.

ശ്രീ. ഒ. ആർ. കേളു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 241 പേരെ മെന്റർ ടീച്ചർമാരായും 175 യുവതീ-യുവാക്കളെ പോലീസ് സേനയിൽ നിയമിച്ചതും ആദിവാസി മേഖലയിൽ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തിയതും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയതും അഭിനന്ദനാർഹമാണ്. ജില്ല/പഞ്ചായത്ത് തലങ്ങളിൽ കളിസ്ഥലങ്ങൾ നിർമ്മിച്ചതും കായിക മത്സരങ്ങളിൽ മികവുനേടിയ കുട്ടികൾക്ക് ജോലി ലഭ്യമാക്കിയതും

ശ്ലാഘനീയമാണ്. തോട്ടം തൊഴിലാളികൾക്ക് ശമ്പള കുടിശ്ശിക കൊടുത്തുതീർത്തതും ഭവനനിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി വീട് നൽകാൻ നടപടി സ്വീകരിച്ചതും മലപ്പുറം ജില്ലയിൽ പാൽപ്പൊടി നിർമ്മാണ യൂണിറ്റ് ആരംഭിച്ചതും സ്വാഗതാർഹമാണ്.

ശ്രീ. പ്രമോദ് നാരായൺ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പുതിയ വിദ്യാഭ്യാസ സമ്പ്രദായം ആവിഷ്കരിക്കാനും ഡയറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കണം. സർവ്വകലാശാകലകളെ വിജ്ഞാനകേന്ദ്രങ്ങളാക്കി മാറ്റാനും പുതിയ കോഴ്സുകൾ ആരംഭിക്കാനും വർഷംതോറും അന്താരാഷ്ട്ര സാംസ്കാരികോത്സവം സംഘടിപ്പിക്കാനും നോളഡ്ജ് വില്ലേജ് സ്ഥാപിക്കാനും നടപടി എടുക്കണം.

ശ്രീമതി കെ. കെ. രമ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അദ്ധ്യാപകരുടെ സ്റ്റാഫ് ഫിക്സേഷൻ സമയബന്ധിതമായി പൂർത്തീകരിക്കണം. വടകരയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കാനും കലാകാരന്മാർക്കായി ധനസഹായ പാക്കേജ് പ്രഖ്യാപിക്കാനും കളരി-വോളിബോൾ അക്കാദമികൾ സ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. എം. സച്ചിൻ ദേവ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അങ്കണവാടി മുതൽ ഉന്നതവിദ്യാഭ്യാസ രംഗം വരെ ഓൺലൈൻ പഠന സൗകര്യം ഏർപ്പെടുത്തിയ സർക്കാർ നടപടി ശ്ലാഘനീയമാണ്. പൊതുപരീക്ഷകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും കൈറ്റ്, വിക്ടേഴ്സ് ചാനൽവഴി ക്ലാസുകൾ കൃത്യമായി നടത്തുന്നതിനും വീടുകളിൽ പഠനസൗകര്യമില്ലാത്ത ആദിവാസി വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഒരുക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. കലാ-സാംസ്കാരിക രംഗങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചതും കലാകാരന്മാരുടെ പെൻഷൻ വർദ്ധിപ്പിച്ചതും കോവിഡുമൂലം ജീവനോപാധികൾ നഷ്ടപ്പെട്ട കലാകാരന്മാർക്ക് 2000 രൂപ വീതം ധനസഹായം നൽകിയതും സ്വാഗതാർഹമാണ്. കലാ-സാംസ്കാരിക രംഗത്തെ അവാർഡുകളുടെ തുക വർദ്ധിപ്പിക്കുന്നതിനും ഗുരുഗോപിനാഥിന്റെ പേരിൽ നൃത്തകലയ്ക്ക് ദേശീയപുരസ്കാരം ഏർപ്പെടുത്തുന്നതിനും സാംസ്കാരികവകുപ്പിന് കീഴിൽ സ്മാരകങ്ങൾ നിർമ്മിക്കുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഷിഫ്റ്റ് അടിസ്ഥാനത്തിൽ സ്കൂളുകൾ തുറക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. പത്താം ക്ലാസ് കഴിഞ്ഞ പഠനമികവ് കുറവുള്ള

വിദ്യാർത്ഥികൾക്ക് തൊഴിൽപരിശീലനം നൽകുന്നതിന് സഹായകരമായ രീതിയിൽ പോളിടെക്നിക് മോഡലിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കണം. ടെക്സ്റ്റ്ബുക്ക് സമ്പ്രദായത്തിൽനിന്നും മാറി അഞ്ച് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനായി ടാബ് സംവിധാനം നടപ്പാക്കണം. നാഷണൽ ഗെയിംസിനായി നിർമ്മിച്ച സ്റ്റേഡിയങ്ങളും കളിക്കളങ്ങളും കായികപരിശീലനങ്ങൾക്കായി വിട്ടുനൽകണം. തൊഴിൽ വകുപ്പിന് കീഴിലുള്ള ക്വാർട്ടേഴ്സുകൾ നവീകരിച്ച് കുടിവെള്ളവും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കാനും പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള കോളനികൾ നവീകരിക്കാനും കോവിഡ് വ്യാപനത്തോത് കുറയുന്ന മുറയ്ക്ക് തീയേറ്ററുകൾ തുറക്കാനും നടപടി സ്വീകരിക്കണം. സാംസ്കാരിക പരിപാടികൾ നടത്തുന്നതിന് സ്ഥിരം വേദികൾ നിർമ്മിക്കണം. ആനകളിലെ ക്ഷയരോഗം ചികിത്സിച്ച് ഭേദമാക്കാനും ആനകളെ ചികിത്സിക്കാനായി ഹൈടെക് ഹോസ്പിറ്റൽ തൃശ്ശൂരിൽ ആരംഭിക്കാനും നടപടിയുണ്ടാകണം.

ശ്രീ. എം. മുകേഷ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ബ്രോഡ്‌വെ തീയേറ്ററുകൾ പോലുള്ള ലോകമാതൃകകൾ കേരളത്തിലും ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. സാംസ്ക്കാരിക സമുച്ചയങ്ങളുടെ

നടത്തിപ്പിനും ആസ്തി പരിപാലനത്തിനും കൃത്യമായ സംവിധാനം ഒരുക്കണം. അമച്വർ പ്രൊഫഷണൽ കലാകാരന്മാർക്കും നാടകസമിതികൾക്കും കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 2 കോടി രൂപ സമയബന്ധിതമായി കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. സനീഷ്കുമാർ ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ പ്ലസ് വൺ പ്രവേശനത്തിനാവശ്യമായ ബാച്ച് അനുവദിക്കുന്നതിനും ഹയർ സെക്കണ്ടറി മേഖലയിൽ 5 വർഷം പൂർത്തിയാക്കിയ ജൂനിയർ അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനും നിർദ്ധന കുടുംബങ്ങളിലെ കുട്ടികൾക്ക് ഓൺലൈൻ പഠനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. കായികതാരങ്ങൾക്ക് അർഹമായ പാരിതോഷികം പ്രഖ്യാപിക്കുന്നതിനും ചാലക്കുടിയിൽ ടി. കെ. ചാത്തുണ്ണിയുടെ പേരിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള മൈതാനം നിർമ്മിക്കുന്നതിനും കലാഭവൻ മണിക്ക് സ്വന്തം നാട്ടിൽ സ്മാരകം നിർമ്മിക്കാൻ ഭരണാനുമതി നൽകുന്നതിനും തയ്യാറാകണം.

ശ്രീമതി ശാന്തകുമാരി കെ.: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ദാരിദ്ര്യവും ജാതിവിവേചനവുംമൂലമുള്ള തൊഴിൽകുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടേയും

വനിതകളുടേയും ക്ഷേമത്തിനായി ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയ നടപടി സ്വാഗതാർഹമാണ്. കേന്ദ്ര-സംസ്ഥാന ഡീംഡ് യൂണിവേഴ്സിറ്റികളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നിയമാനുസൃതമായി സംവരണം ഉറപ്പുവരുത്തുന്നതിനും പട്ടികജാതി സഹകരണ സംഘങ്ങൾ പുന:സ്ഥാപിക്കുന്നതിന് പ്രത്യേക പാക്കേജ് കൊണ്ടുവരുന്നതിനും ടി വിഭാഗക്കാരുടെ ഫണ്ട് ദുർവിനിയോഗം ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടി സ്വീകരിക്കാനും തയ്യാറാകണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പലവിധ കാരണങ്ങളാൽ പഠനം ഉപേക്ഷിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി പഠനം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയിക്കുന്നവരുടെ എണ്ണത്തിനനുസരിച്ച് ഉപരിപഠനത്തിനുള്ള സീറ്റുകൾ വർദ്ധിപ്പിക്കുകയും വേണം. പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നുവെന്ന തെറ്റായ പ്രസ്താവന സർക്കാർ തിരുത്തണം. പട്ടികജാതി വികസന ഫണ്ട് അർഹരായവർക്ക് ലഭ്യമാക്കണം. മണ്ണാർക്കാട് മണ്ഡലത്തിൽ പോളിടെക്നിക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. എം. എസ്. അരുൺ കുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അദ്ധ്യാപക നിയമനങ്ങൾ നടത്തിയും വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തിയും പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ ശ്ലാഘനീയമാണ്. ഓരോ പഞ്ചായത്തിലും കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടിയും സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾ നടത്തിയതും സ്റ്റേഡിയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിയതും ശ്രദ്ധേയമാണ്. ലിംഗസമത്വം, ജീവിതശൈലീ രോഗങ്ങൾ, കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം എന്നീ വിഷയങ്ങൾ പാഠ്യപദ്ധതിയിലുൾപ്പെടുത്തുന്നതിനും മാവേലിക്കര ഗവൺമെന്റ് എൽ.പി.എസ്.-നെയും ബോയ്സ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിനെയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ജി. സ്റ്റീഫൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ശ്രദ്ധേയമാണ്. ആദിവാസികൾക്കും പിന്നോക്ക ജനവിഭാഗങ്ങൾക്കും ഭൂമി നൽകുന്നതിനുള്ള നടപടികളും വിവിധ പദ്ധതികളിലൂടെ പട്ടികജാതി

കുടുംബങ്ങൾക്ക് വീടുകൾ അനുവദിച്ചതും സ്വാഗതാർഹമാണ്. ഡിജിറ്റൽ വിദ്യാഭ്യാസ മേഖലയിൽ പുരോഗമനപരമായ നിലപാട് സ്വീകരിക്കുന്നതിനും കോവിഡ് കാലത്ത് ദളിത് ആദിവാസി കുട്ടികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ നൽകുന്നതിനും ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പാക്കുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചതും പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി 11,000 പേർക്ക് സ്വയംതൊഴിലിനുള്ള ധനസഹായം നൽകിയതും ശ്രദ്ധേയമാണ്. കോവിഡ് കാലത്ത് പട്ടികജാതി കോളനികളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയതും കോവിഡ് ബാധിതർക്ക് മരുന്ന്, ഭക്ഷണം, ക്വാറന്റൈൻ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തിയതും സ്വാഗതാർഹമാണ്. ക്ഷീരവികസന മേഖലയിൽ പ്രതിവർഷം ഏകദേശം ഒൻപതര ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും പാലുല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാനും കഴിഞ്ഞിട്ടുണ്ട്. ഉല്പാദനച്ചെലവ് കൂടുന്നതനുസരിച്ച് പാൽ വില വർദ്ധിപ്പിച്ചുനൽകാനും ഗുണനിലവാരമുള്ള കാലിത്തീറ്റ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ യഥാർത്ഥ കണക്ക് പുറത്തുവിടാൻ സർക്കാർ തയ്യാറാകണം. ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകാനും മെഡിക്കൽ പി.ജി. പ്രവേശനത്തിൽ ഒ.ബി.സി. സംവരണം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. മലബാർ മേഖലയിൽ പുതിയ ബാച്ചും കോഴ്സുകളും അനുവദിച്ച് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനും സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ഫീസ് സൗജന്യവും ലഭ്യമാക്കാനും തയ്യാറാകണം. കോവിഡ് ബാധിച്ച് ഗൾഫ് നാടുകളിൽ മരണപ്പെട്ട പ്രവാസികൾക്ക് നഷ്ടപരിഹാരം നൽകാൻ നടപടിയുണ്ടാകണം. ശ്രീ. വി. ആർ. സുനിൽ കുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രശസ്തരായ നിരവധി സാംസ്കാരിക-സാഹിത്യനായകരുടെ ജന്മനാടായ ചരിത്രപ്രാധാന്യമുള്ള കൊടുങ്ങല്ലൂരിനെ ഒരു സാംസ്കാരിക കേന്ദ്രമാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. എം. വിജിൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താനും സമഗ്ര വിദ്യാഭ്യാസ പുരോഗതി

നേടിയെടുക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഹൈടെക് ലാബുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുകയും ഡിജിറ്റൽ വിദ്യാഭ്യാസം സാർവത്രികമാക്കുകയും വൈവിധ്യമാർന്ന പഠന/പഠനേതര പദ്ധതികൾ പ്രാവർത്തികമാക്കുകയും ചെയ്തത് സ്വാഗതാർഹമാണ്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഉന്നതനിലവാരമുള്ള സ്റ്റേഡിയങ്ങളും സ്വിമ്മിംഗ് പൂളുകളും ഇൻഡോർ സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിനും കായിക താരങ്ങൾക്ക് പരിശീലനവും പെൻഷൻ ഉൾപ്പെടെയുള്ള ധനസഹായവും നൽകുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കലാകാരന്മാരുടെ പെൻഷൻ വർദ്ധിപ്പിച്ചതും ആശ്രിത പെൻഷനും ചികിത്സാ സഹായവും വജ്രജൂബിലി ഫെലോഷിപ്പുകളും നൽകിയതും പ്രശംസനീയമാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പട്ടികജാതി വികസന വകുപ്പിനുവേണ്ടി കിഫ്ബി ഫണ്ടിൽനിന്നും കുറഞ്ഞ തുക ചെലവഴിച്ചത് സംബന്ധിച്ച് പരിശോധിക്കണം. പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിന് വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയും അദ്ധ്യാപകർക്ക് യഥാസമയം ശമ്പളം നൽകുകയും ചെയ്യണം. പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതി ലൈഫ് മിഷൻ പദ്ധതിയിൽ

ഉൾപ്പെടുത്തിയതുകാരണം എസ്. സി. വിഭാഗങ്ങൾക്കുണ്ടായ നഷ്ടത്തിന് പരിഹാരം കാണണം. ദേവസ്വംബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന എയ്ഡഡ് കോളേജ് നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്നതിനും ഓൺലൈൻ പഠനത്തിനാവശ്യമായ ഡിജിറ്റൽ ഉപകരണങ്ങൾ എസ്.സി.-എസ്.ടി. കുട്ടികൾക്ക് ലഭ്യമാക്കുന്നതിനും ടി വിഭാഗങ്ങൾക്കുള്ള ധനസഹായം ദുർവിനിയോഗം ചെയ്യുന്നത് അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിച്ചു. ഓൺലൈൻ വിദ്യാഭ്യാസം വ്യാപകമാക്കുകയും അദ്ധ്യാപകരുമായി നേരിട്ട് ബന്ധപ്പെടാൻ ജി-സ്യൂട്ട് പ്ലാറ്റ്ഫോം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സ്വതന്ത്ര സോഫ്റ്റ്വെയർ അധിഷ്ഠിത പ്ലാറ്റ്ഫോം സജ്ജമാക്കുകയും വിദ്യാകിരണം പദ്ധതിയിലൂടെ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുകയും വിക്ടേഴ്സിന്റെ രണ്ടാം ചാനലും ഇംഗ്ലീഷ് ലാംഗ്വേജ് ലാബും ആരംഭിക്കുകയും ചെയ്യുന്നതാണ്. 2020 ജൂൺ 1-ന് ഡിജിറ്റൽ ക്ലാസ്സുകൾ ആരംഭിച്ചതും മണ്ഡലാടിസ്ഥാനത്തിൽ ഓരോ സ്കൂളിനും 5 കോടി രൂപവരെ കിഫ്ബി മുഖേന ധനസഹായം നൽകിയതും

പ്രൈമറി വിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്. കുട്ടികൾക്ക് പാഠപുസ്തകങ്ങളും യൂണിഫോമും ഭക്ഷ്യക്കിറ്റും വിതരണം ചെയ്യുകയും ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനായി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയമിക്കുകയും ചെയ്തു. ടോക്കിയോ ഒളിമ്പിക്സിൽ ഹോക്കിയിൽ വെങ്കല മെഡൽ നേടിയ ശ്രീ. പി. ആർ. ശ്രീജേഷിന് ഉചിതമായ അംഗീകാരം നൽകുന്നതാണ്. വിദ്യാഭ്യാസ ഗുണനിലവാരമുയർത്തുന്നതും പാഠ്യപദ്ധതി പരിഷ്കരിക്കുന്നതും പ്രീ-സ്കൂൾ മുതൽ ഹയർസെക്കണ്ടറി വരെയുള്ള സ്കൂൾ സംവിധാനം ഏകീകരിക്കുന്നതുമാണ്. ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുകയും സ്കൂളുകളുടെ ഭൗതിക സൗകര്യവികസനം വിശദമായ പഠനത്തിന് വിധേയമാക്കുകയും ചെയ്യുന്നതാണ്. 12 വർഷം പൂർത്തിയാക്കിയ പ്രീ-പ്രൈമറി അദ്ധ്യാപകർക്കുള്ള ആനുകൂല്യം ക്രമീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതും സ്കൂളുകൾ തുറക്കുന്ന കാര്യം പരിശോധിക്കുന്നതുമാണ്. ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാവശ്യമായ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും. മഹാത്മാഗാന്ധി അയ്യങ്കാളി സ്കൂൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. എസ്.എസ്.എൽ.സി. പാസ്സായ

കുട്ടികളുടെ തുടർപഠനവുമായി ബന്ധപ്പെട്ട് ഒന്നാം വർഷ പ്രവേശനത്തിനുള്ള അപേക്ഷ ലഭിച്ച് ആദ്യ അലോട്ട്മെന്റിനുശേഷം സ്ഥിതി വിലയിരുത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് കരിക്കുലം കമ്മിറ്റി രൂപീകരിക്കുന്നതും സ്ത്രീധന നിരോധന നിയമം സംബന്ധിച്ച അവബോധം, ഇന്ത്യൻ ഭരണഘടന, മതേതരത്വം, ലിംഗസമത്വം തുടങ്ങിയവ പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതും 2022 ജനുവരിയോടുകൂടി കരട് തയ്യാറാക്കുന്നതുമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരെ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിക്ക് നിയമിക്കുന്നതിന്റെ സാധ്യത പരിശോധിക്കും. ക്ഷേമനിധി ബോർഡുകളിലെ അർഹരെ കണ്ടെത്തുന്നതിന് സൂക്ഷ്മ പരിശോധന നടത്തുന്നതും ഡെപ്യൂട്ടേഷൻ നിയമനങ്ങൾ പരിശോധിക്കുന്നതുമാണ്. 'ആവാസ്' സൗജന്യ ഇൻഷ്വറൻസ് പദ്ധതിയിൽ മുഴുവൻ അതിഥിത്തൊഴിലാളികളെയും ഉൾപ്പെടുത്തുന്നതാണ്. മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് മൂലധനസബ്സിഡി, പലിശയിളവ് എന്നിവ അനുവദിച്ചുകൊണ്ടുള്ള ബാങ്ക് വായ്പ, നിക്ഷേപം സംബന്ധിച്ച ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഏകജാലക സംവിധാനം തുടങ്ങി നിരവധി

പദ്ധതികളാണ് നടപ്പാക്കുന്നത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർവ്വകലാശാലകൾ/ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ എന്നിവയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റും. ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, സർവകലാശാല നിയമ പരിഷ്കാര കമ്മീഷൻ, പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നിവ രൂപീകരിക്കുന്നതും കോഴ്സുകളും സീറ്റുകളും വർദ്ധിപ്പിക്കുന്നതും നവീന രീതിയിലുള്ള കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതുമാണ്. ഡിജിറ്റൽ വിദ്യാഭ്യാസം ഊർജ്ജിതപ്പെടുത്തുന്നതിനും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുമായി വിവിധ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിന്റെ സാമ്പത്തിക മേഖലയിലും ചരിത്രത്തിലും സമ്പദ്ഘടനയുടെ വികസന കാര്യങ്ങളിലുമുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 500 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് നടപ്പാക്കുന്നതാണ്. സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളിലും ഏകീകൃത അഡ്മിഷൻ സംവിധാനം ഏർപ്പെടുത്തുന്നതാണ്. എഞ്ചിനീയറിംഗ് കോളേജുകൾക്കും പോളിടെക്നിക്കുകൾക്കും എൻ.ബി.എ. (National Board

of Accreditation) ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. അദ്ധ്യാപന രംഗത്ത് ഇൻഡക്ഷൻ/ഓറിയന്റേഷൻ/റിഫ്രഷർ കോഴ്സുകൾ സമയബന്ധിതമായി നടത്താൻ കേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിക്കുകയും സംസ്ഥാനത്തെ സർവ്വകലാശാല/ ഗവേഷണ കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുമായി റിസർച്ച് എൻഹാൻസ്മെന്റ് കൗൺസിൽ രൂപീകരിക്കുകയും യുവാക്കളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നതാണ്. കിഫ്ബി ഫണ്ടുപയോഗിച്ച് സർക്കാർ മേഖലയിലെ എഞ്ചിനീയറിംഗ്, ആർട്സ് ആൻഡ് സയൻസ് കോളേജുകളും പോളിടെക്നിക്കുകളും മികവിന്റെ കേന്ദ്രങ്ങളാക്കുകയും പുതുതായി ആരംഭിച്ച കോളേജുകൾക്ക് ഭൂമി ഏറ്റെടുക്കുകയും ചെയ്യുന്നതാണ്. കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി ഫണ്ട് അനുവദിക്കുകയും കുസാറ്റിന്റെ വികസനത്തിന് 91.6 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വെള്ളപ്പൊക്കത്തിൽ നശിച്ച മൂന്നാർ സർക്കാർ കോളേജ് കെട്ടിടം പുനർ നിർമ്മിക്കുന്നതാണ്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ

നേതൃത്വത്തിൽ ഇ-ജേർണൽ കൺസോർഷ്യം സ്ഥാപിച്ച് ഇ-ജേർണലുകൾ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. എല്ലാ കോളേജുകളും സർവ്വകലാശാലകളും ഭിന്നശേഷീ സൗഹൃദമാക്കുന്നതിനും ജെൻഡർ ജസ്റ്റിസ് ഫോറങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ 20 ബിരുദ കോഴ്സുകളുടെയും 9 ബിരുദാനന്തരബിരുദ കോഴ്സുകളുടെയും സിലബസും കോഴ്സ് മെറ്റീരിയലും തയ്യാറാക്കിയിട്ടുണ്ട്. എ.പി.ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കാനുള്ള സ്ഥലമെടുപ്പ് നടപടികൾ നടന്നുവരുന്നു. കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ ആർട്സ് ആൻഡ് സയൻസ് കോളേജിന് ഓട്ടോണമസ് പദവി നൽകിയിട്ടുണ്ട്. കാരാപ്പുഴ അണക്കെട്ടിനോട് ചേർന്നുള്ള ഒരേക്കറിൽ അക്ഷരോദ്യാനം നിർമ്മിക്കുകയും ഫിഷറീസ് വകുപ്പുമായി സഹകരിച്ച് തീരദേശത്തെ കുട്ടികൾക്കായി അത്യാധുനിക സംവിധാനത്തോടെയുള്ള പഠനമുറികൾ ഒരുക്കുകയും ചെയ്യുന്നതാണ്. ഭിന്നശേഷിക്കാർ, വയോജനങ്ങൾ എന്നിവരുടെ ക്ഷേമം ഉറപ്പാക്കുന്നതോടൊപ്പം മുതിർന്ന പൗരൻമാർക്ക് പോഷകാഹാര കിറ്റ് നൽകുന്നതുൾപ്പെടെയുള്ള പദ്ധതികളും നടപ്പാക്കിവരികയാണ്. ട്രാൻസ്ജെൻഡർമാരുടെ വിദ്യാഭ്യാസം, തൊഴിൽ,

സുരക്ഷ, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനും പ്രോട്ടോക്കോൾ തയ്യാറാക്കി ലിംഗമാറ്റ ശസ്ത്രക്രിയ സർക്കാർ ആശുപത്രികളിൽ നടത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കുറ്റാരോപിതർ, പരോളിലുള്ള കുറ്റവാളികൾ, തടവുകാരുടെ മക്കൾ എന്നിവർക്ക് സംരക്ഷണം നൽകുന്നതിനുള്ള സുരക്ഷാ പദ്ധതി, തീവ്ര മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള ആശ്വാസ കിരണം പദ്ധതി, എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സമഗ്ര പാക്കേജ്, വയോമിത്രം, ശ്രുതിതരംഗം, വീ കെയർ, സമാശ്വാസം, അനുയാത്ര തുടങ്ങിയ പദ്ധതികളും നടപ്പാക്കി വരികയാണ്. NIPMR, NISH എന്നീ സ്ഥാപനങ്ങളെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): കലാകാരൻമാരുടെ പെൻഷനും ക്ഷേമനിധി പെൻഷനും വർദ്ധിപ്പിക്കുകയും 49.85 ലക്ഷം രൂപയുടെ ചികിത്സാ സഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. നാട്ടരങ്ങ് പദ്ധതി വിപുലീകരിക്കുന്നതിനും വജ്ര ജൂബിലി ഫെലോഷിപ്പ് പ്രോജക്ട് പരിഷ്കരിക്കുന്നതിനും കൾച്ചറൽ മ്യൂസിയവും പതിനാല് ജില്ലകളിലും റൂറൽ ആർട്ട് ഹബ്ബുകളും

ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ചിത്രാഞ്ജലി സ്റ്റുഡിയോ ആധുനികവത്കരിക്കുന്നതിനും സിനിമാ മേഖലയുമായി ബന്ധപ്പെട്ട പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനും കെ.എസ്.എഫ്.ഡി.സി വഴി പ്രമുഖ നേതാക്കളെ ആസ്പദമാക്കിയുള്ള ഡോക്യുമെന്ററി നിർമ്മിക്കുന്നതിനും നടപടിയെടുക്കുന്നതാണ്. വാർദ്ധക്യത്തിലെത്തിയ നിരാലംബരായ കലാകാരന്മാർക്കായി പുനരധിവാസ കേന്ദ്രം ആരംഭിക്കുന്നതാണ്. ഫിലിം ഫെസ്റ്റിവലിന് സ്ഥിരം സംവിധാനമൊരുക്കുന്നതിനും സ്കൂളുകളിലെ ഫിലിം ക്ലബ്ബുകൾ ഫലപ്രദമാക്കുന്നതിനും സാംസ്കാരിക മേഖലയുടെ പ്രവർത്തനം ശക്തിപ്പെടുത്തുതിന് കൾച്ചറൽ കോൺഗ്രസ് സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. വിനോദ നികുതി ഒഴിവാക്കുന്നത് സംബന്ധിച്ച് സർക്കാർതലത്തിൽ തീരുമാനമെടുക്കുന്നതാണ്. മലയാള ഭാഷാ പുസ്തകങ്ങൾ ലോകഭാഷയിൽ പ്രസിദ്ധീകരിക്കുന്നതും അന്താരാഷ്ട്ര ഫോക് ഫെസ്റ്റിവെൽ സംഘടിപ്പിക്കുന്നതും പരിഗണനയിലാണ്. ജില്ല/നിയോജകമണ്ഡല/ത്രിതല പഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ഘട്ടംഘട്ടമായി ബാലഭവനുകൾ സ്ഥാപിക്കാനും സ്ത്രീ സംരക്ഷണം ഉറപ്പാക്കാനും സ്ത്രീ വിരുദ്ധതയ്ക്കെതിരെയുള്ള സാമൂഹ്യ അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രോഗ്രാം ആരംഭിക്കാനും ലക്ഷ്യമിടുന്നു. തോപ്പിൽ

ഭാസിയുടെ നാമധേയത്തിൽ കായംകുളത്ത് സ്ഥിരം നാടകവേദി ആരംഭിക്കുന്നതാണ്. സാംസ്കാരിക സ്ഥാപനങ്ങളുടെയും അക്കാഡമികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതോടൊപ്പം ജ്ഞാനപീഠം ജേതാവായ മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരിയുടെ പേരിൽ തൃത്താലയിൽ സ്മാരകം നിർമ്മിക്കാനും ഉദ്ദേശിക്കുന്നു. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): 1,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്ക് കിഫ്ബി വഴി തുടക്കം കുറിക്കാനും സ്പോർട്സ് ക്വാട്ടയിൽ 550 കായികതാരങ്ങൾക്ക് നിയമനം നൽകാനും ജനാധിപത്യരീതിയിൽ സ്പോർട്സ് കൗൺസിലിനെ പുനഃസംഘടിപ്പിക്കാനും സാധിച്ചിട്ടുണ്ട്. മൂന്നാറിൽ അന്താരാഷ്ട്ര കായിക സമുച്ചയം സജ്ജമാക്കാനും കോഴിക്കോട് അന്താരാഷ്ട്ര സ്റ്റേഡിയം ഒരുക്കുന്നതിന് ഭൂമി കണ്ടെത്താനും സ്റ്റേഡിയങ്ങളും കളിക്കളങ്ങളും പരിപാലിക്കുന്നതിന് സ്പോർട്സ് കേരള ലിമിറ്റഡ് കമ്പനി രൂപീകരിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കായിക ഡയറക്ടറേറ്റിന്റെയും സ്പോർട്സ് കൗൺസിലിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനായി

തിരുവനന്തപുരത്ത് കായികഭവൻ ആരംഭിക്കാനുദ്ദേശിക്കുന്നു. സ്കൂൾ തലത്തിൽ കായിക പരിശീലന പദ്ധതി ആരംഭിച്ചിട്ടുണ്ട്. പരിശീലന നിലവാരം ഉയർത്താനും സമഗ്രമായ കായികവികസനത്തിനുമായി ഒരു പുതിയ കായിക നയം രൂപീകരിക്കാക്കുന്നതാണ്. കണ്ണൂരും തൃശ്ശൂരും സ്പോർട്സ് മെഡിസിൻ കേന്ദ്രം തുടങ്ങാനും കായിക മേഖലയുടെ ഡിജിറ്റലൈസേഷൻ നടപ്പാക്കാനും സ്വകാര്യ കളിക്കളങ്ങൾ, അക്കാദമികൾ എന്നിവയെ പ്രോത്സാഹിപ്പിക്കാനും സ്പോർട്സ് ടൂറിസം നടപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ പരിശോധിക്കുകയും അതനുസരിച്ചുള്ള മാറ്റം വരുത്താൻ ശ്രമിക്കുകയും ചെയ്യുന്നതാണ്. ദേവസ്വം ബോർഡ് കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളിൽ സംവരണം നടപ്പാക്കുന്ന കാര്യം ചർച്ച ചെയ്യുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി ഈ വർഷം കിഫ്ബിയിൽനിന്നും 90.04 കോടി രൂപ ലഭിക്കുകയും കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി

സ്വീകരിക്കുകയും ചെയ്യും. ഈ വിഭാഗത്തിന് ലൈഫ് പദ്ധതിയിലൂടെ 23,971 വീടുകളുടെ പണി പൂർത്തീകരിച്ചതിനുപുറമെ ഈ വർഷം 10000-ത്തോളം വീടുകൾ നിർമ്മിക്കുന്നതാണ്. പഠനസൗകര്യമില്ലാത്ത കുട്ടികൾക്ക് പഠനമുറികൾ നിർമ്മിച്ചിട്ടുണ്ട്. പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, എം.ആർ.എച്ച്.എസ്.-കൾ എന്നിവ മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നടപ്പാക്കി വരുന്ന പദ്ധതികളുടെ പൂർത്തീകരണത്തിന് എം.എൽ.എ.-മാരുടെ ഇടപെടലുണ്ടാകണം. വിവിധ ഏജൻസികൾ ഏറ്റെടുത്ത പദ്ധതികളെ സംബന്ധിച്ച് അവലോകനം നടത്തുകയും വീഴ്ച വരുത്തിയ ഏജൻസികളെ ഒഴിവാക്കി റിസ്ക് ആൻഡ് കോസ്റ്റിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. ആദിവാസി കുടുംബത്തിലെ ഒരാൾക്കെങ്കിലും സ്ഥിരവരുമാനം കിട്ടുന്ന പദ്ധതി നടപ്പിലാക്കുന്നതാണ്. 14 ജില്ലകളിലും പിന്നാക്കക്ഷേമ വകുപ്പിന്റെ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): ക്ഷീര കർഷകർക്ക് ന്യായവില ലഭ്യമാക്കാനും 2020-21

സാമ്പത്തിക വർഷം ക്ഷീര സംഘങ്ങൾ മുഖേനയുള്ള പ്രതിദിന പാൽ സംഭരണം വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനായി ഒരു ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പാക്കുന്നതാണ്. വെറ്ററിനറി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വെറ്ററിനറി സർവ്വകലാശാലയുടെ സഹായത്തോടെ നഴ്സിംഗ് കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. കേന്ദ്രീകൃത ഓൺലൈൻ പരാതിപരിഹാര സംവിധാനം ആരംഭിക്കുകയും സംസ്ഥാനത്ത് 156 കേന്ദ്രങ്ങളിൽ രാത്രികാല മൃഗചികിത്സാ സേവനം സജ്ജമാക്കുകയും ചെയ്യും. പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിപുലപ്പെടുത്താനും പേവിഷ പ്രതിരോധ വാക്സിൻ ഉല്പാദന കേന്ദ്രം ആരംഭിക്കാനും നടപടി സ്വീകരിക്കും. ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതിയും ക്ഷീരകർഷക ക്ഷേമനിധിയും വഴി ക്ഷീരകർഷകർക്ക് പെൻഷൻ ഉൾപ്പെടെയുള്ള സാമൂഹ്യ-സാമ്പത്തിക പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. മാംസം, മുട്ട എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതോടൊപ്പം മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ പ്രവർത്തനം വിപുലീകരിക്കുന്നതുമാണ്. ആനകളുടെ ചികിത്സയ്ക്കായി വനം വകുപ്പിൽ 14 വെറ്ററിനറി ഡോക്ടർമാരെ

ഡെപ്യൂട്ടേഷനിൽ നിയമിച്ചിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): 2004-ലെ സ്ത്രീധന നിരോധന ചട്ടത്തിൽ ഭേദഗതി വരുത്തി എല്ലാ ജില്ലകളിലും ഡൗറി പ്രൊഹിബിഷൻ ഓഫീസേഴ്സിനെ നിയോഗിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനത്തിന് ആവശ്യമായ സ്പെഷ്യൽ റൂൾസ് നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും വിവിധ പദ്ധതികളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും വേണ്ടി 'കനൽ' എന്ന കർമ്മ പരിപാടി ആരംഭിച്ചിട്ടുണ്ട്. ഗാർഹിക ലൈംഗീക അതിക്രമം നേരിടുന്ന സ്ത്രീകൾക്ക് നിയമസഹായം ലഭിക്കാനുള്ള സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ സേവനം എല്ലാ ബ്ലോക്കുകളിലും കോർപ്പറേഷനുകളിലും ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. അങ്കണവാടികളിലെ കുഞ്ഞുങ്ങൾക്കായി 'കിളിക്കൊഞ്ചൽ' പഠന പദ്ധതി വിക്ടേഴ്സ് ചാനൽ വഴി സംപ്രേഷണം ചെയ്യുകയും അങ്കണവാടികളെ സ്മാർട്ടാക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരികയുമാണ്. കൂടുതൽ വനിതാ ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനും കേരളത്തെ വനിതാ-ശിശു സൗഹൃദ സംസ്ഥാനമാക്കി

മാറ്റുന്നതിനുള്ള നടപടികളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. കേരളത്തെ മാതൃ-ശിശു-സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് യൂണിസെഫിന്റെ സഹായം തേടുന്നതാണ്. ധനാഭ്യർത്ഥന പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥന 31-നെതിരെ 88 വോട്ടുകളോടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയും 34-നെതിരെ 88 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ

ചട്ടം 236(3) അനുസരിച്ച് തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ

ധനാഭ്യർത്ഥനയെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയെയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയെയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന പ്രസ്താവന ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## VII. അറിയിപ്പ്

### സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികാഘോഷം

മി. സ്പീക്കർ: ഭാരതം സ്വാതന്ത്ര്യം നേടിയതിന്റെ 75 വർഷങ്ങൾ ആഘോഷിക്കുന്ന 'ആസാദി കാ അമൃത് മഹോത്സവ്' എന്ന ദേശീയ പരിപാടിയുടെ ഭാഗമായി കേരള നിയമസഭ നടത്തുന്ന വിവിധ പരിപാടികളുടെ ഉദ്ഘാടനവും നിയമസഭാംഗങ്ങൾക്കായി നിയോജകമണ്ഡല വികസന ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച കാര്യങ്ങൾ പരിചയപ്പെടുത്തുന്ന ഒരു പരിപാടിയും സഭാ സമ്മേളനം കഴിഞ്ഞയുടൻ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടക്കുന്നതാണ്. പ്രസ്തുത പരിപാടിയിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(സഭ വൈകുന്നേരം 5.21-ന് പിരിഞ്ഞു.)

*******